ഫിൻ (ബി 1) 5775/07

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 21.2.07

## സർക്കുലർ നമ്പർ-15/'07

വിഷയം:- ഗസറ്റഡ് ആഫീസർമാരുടെ ശമ്പളവിവരവും .ആർ.ടി.സി.യുടെ പകർപ്പും നൽകുന്നത് സംബന്ധിച്ച്

സൂചന:- 1.18.07.2005-ലെ 42/05-നമ്പർ ഗവൺമെന്റ് സർക്കുലർ
2.രജിസ്ട്രാറുടെ 12.06.06-ലെ 25/06-നമ്പർ സർക്കുലർ

....

സൂചന 1 -ലെ ഗവൺമെന്റ് സർക്കുലർ പ്രകാരം എല്ലാ ഗസറ്റഡ് ആഫീസർമാരും കേരള ബഡ്ജറ്റ് മാന്വൽ-ലെ ഖണ്ഡിക-77-ലെ നിബന്ധനകൾ കൃത്യമായി പാലിക്കണമെന്നും അവരവരുടെ ശമ്പളത്തിന്റെയും അലവൻസുകളുടേയും കൃത്യമായ വിവരം തൊട്ടടുത്ത മാസം 10-ാം തീയതിയ്ക്ക് മുൻപായി ഡി.ഡി.ഒയ്ക്ക് സനൽകണമെന്ന് നിർദ്ദേശം നൽകിയിരുന്നു. സൂചന 2-ലെ രജിസ്ട്രാറുടെ സർക്കുലർ പ്രകാരം പ്രസ്തുത നിർദ്ദേശം ഈ ആഫീസിലെ എലലാ ഗസറ്റഡ് ആഫീസർമാരേയും അറിയിച്ചിരുന്നു. എന്നാൽ എലലാ ഗസറ്റഡ് ആഫീസർമാരും പ്രസ്തുത നിർദ്ദേശം കർശനമായി പാലിക്കുന്നില്ലായെന്നും ഇത് ഗുരുതരമായ കൃത്യവിലോപം ആണെന്നും അക്കൗണ്ടന്റ് ജനറൽ ഈ ആഫീസിൽ നടത്തിയ പരിശോധനയിൽ ചൂണ്ടിക്കാണിയ്ക്കുകയുണ്ടായി. കൂടാതെ പ്രസ്തുത വിവരങ്ങൾ ലഭ്യമായാൽ മാത്രമേ ഡിപ്പാർട്ട്മെന്റിന് ശമ്പളത്തിന്റെയും അലവൻസുകളുടേയും കൃത്യമായ കണക്ക് സൂക്ഷിയ്ക്കുവാൻ സാധിക്കുകയുള്ളൂ.

ആയതിനാൽ എല്ലാ ഗസറ്റഡ് ആഫീസർമാരും അവർ വാങ്ങുന്ന ശമ്പളത്തിന്റെയും അലവൻസുകളുടേയും കൃത്യമായ വിവരം തൊട്ടടുത്ത മാസം 10-ാം തീയതിയ്ക്ക് മുൻപായി ഗവൺമെന്റ് സർക്കുലറിലെ നിബന്ധനകളിൽ നിർദ്ദേശിച്ചിരിക്കുന്ന വിധം ഈ ആഫീസിലെ ഡി.ഡി.ഒ.യ്ക്ക് നൽകേണ്ടതും പ്രസ്തുത വിവരം ഫിൻ.(1). സെക്ഷനിലെ ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇത് ഈ ആഫീസിലെ എല്ലാഗസറ്റഡ് ആഫീസർമാരുടേയും വ്യക്തിപരമായ ചുമതലയാണ്. അതിനാൽ ഇനിയും ഈ കാര്യത്തിൽ വീഴ്ച വരുത്താതെ ശ്രദ്ധിയ്ക്കേണ്ടതാണ്.

സഹകരണസംഘം രജിസ്ട്രാർ (ഇൻചാർജ്ജ്)

ഈ ആഫീസിലെ എല്ലാഗസറ്റഡ് ആഫീസർമാർക്കും
ഫിൻ.1. സെക്ഷൻ.
അക്കൗണ്ട്സ് സെക്ഷൻ.
ഇ.എ.ആന്റ്.ഇ.ബി.സെക്ഷൻ.
സ്റ്റോക്ക് ഫയൽ.
എസ്.പി